THE MALANKARA SYRIAN CATHOLIC CHURCH

# THE EPHREMITE

BULLETIN OF THE EXARCHATE OF ST. EPHREM KHADKI - PUNE

VOL III | NO. 1 | May 2017



## *Suloko - Ascension of our Lord*

# Nirmal Hriday Minor Seminary Day Celebration















The Malankara Syrian Catholic Church

# THE EPHREMITE

Bulletin of the Exarchate of St Ephrem, Khadki - Pune

VOL III | NO.1 | May 2017

Exarchate of St. Ephrem
51 Bhau Patil Road
Bopodi - 411 020
Pune, Maharashtra

THE MALANKARA SYRIAN CATHOLIC CHURCH

# THE EPHREMITE

BULLETIN OF THE EXARCHATE OF ST. EPHREM KHADKI - PUNE



**VOL III | NO. 1| May 2017**

**PATRON**
H.E. Thomas Mar Anthonios OIC
Apostolic Exarch

**EDITOR**
Fr. George Mathew OIC
The Chancellor

**CIRCULATION**
Local Parish Priests

**DESIGN LAYOUT**
Anita Printers

**PROOF**
Mr. Renjith Varghese &
Bincy Daniel

**DISTRIBUTION**
Br Jose G & Sijo Cherian

**CORRESPONDENTS**
Tom, Angel, Sojisha, Binu, Sijo, Cibi, Nithin, Sara Mani, Jerome, Lijo, Libin, Rex, Shibu, Beena, Jacob, Vitty, Anish, John, Jeffi, Abraham, Preethy, Teeja, Thomas, Benson & Sabu

**PRINTING**
Anita Printers, Wadgaonsheri, Pune

**PUBLISHED BY**
The Chancellor
Exarchate of St. Ephrem,
51 Bhau Patil Road, Bopodi, Pune
Maharashtra, India

**©Copyright** With Exarchate of St. Ephrem

For private circulation only

## CONTENTS

1. Voice of the Exarch
2. Circular Letter Vocation Day
3. Programmes Vocation Day
4. Circular Letter Laity Day
5. Exarchial Parish News
    - Pune
    - Mumbai
    - Chennai
6. Matrimonial Column
7. Days of Remembrance
8. Bishop's Diary

# VOICE OF THE EXARCH

*Dear All,*

*Prayerful wishes of the Season of Qyomtho!*

The Feast of the Resurrection of our Lord Jesus Christ is the crowning event of the Salvation History. This year I observed the Holy Week in the Cathedral of the Exarchate together with Fr. Joseph Venmanath, the Vicar of the Cathedral and Fr. Varghese Valikkodath, the Co-ordinator of Exarchial Commissions. The observances of the Holy Week made me to relive once again the passion, the crucifixion of Jesus leading to the peace, the joy and the happiness experienced by the disciples at the resurrection of the Lord. The liturgy of the Washing of the Feet was an occasion to remind myself about the true spirit of humility and service after the example of our Lord.

**Malankara Catholic Seminary Day**

The Malankara Catholic Seminary Day was celebrated on 23 April together with the Faith Proclamation of St Thomas and the Feast of St George. The Major Seminarians of the Exarchate celebrated the Day participatingin the Holy Qurbono celebrated in the Cathedral. The Seminarians of the Exarchate studying in different Major Seminaries are faring well in studies and growing gracefully in the Spirit. Let us continuously remember them in our prayers so that the Spirit of the Lord grants them the grace to sustain in their vocation and become good priests for the Exarchate. It was also an occasion to remember and pray for the benefactors and well-wishers of the seminarians and our minor seminary for their gracious support.

**Jeevan Darshan Camp 2017**

This year also our seminarians organized the Jeevan Darshan Camp in our ecclesiastical districts. The camp is aimed at guiding our children to choose their vocation in life. I owe my gratitude to all the priests and seminarians who made the camp a success. I sincerely appreciate the parents who really motivated their children to participate in the camp. I also appreciate the children for setting aside their other interests and gave priority to Jeevan Darshan Camp. At the same time, I regret to share with you that a large number of our parents did not motivate their children to participate in this camp. For every occasion it is easy to find a

justification for their priorities but this can only keep our children away from the company of Jesus.

**Foundation Stone Laying for St. Alphonsa Church at Carmalaram, Bengaluru**

As we know for a fourth community in Bengaluru, a plot of land was purchased at Carmalaram. The community was formed on 3 July 2016. Now the parishioners have developed a plan to build a multipurpose community centre and its foundation was laid on 29 April 2017.

**Vocation Day**

Sunday, 28 May 2017 is celebrated as the Vocation Day in the Malankara Syrian Catholic Church. The day is envisioned to conscientize the faithful regarding the promotion of vocation to Priesthood and Religious life and to motivate the children to boldly accept the call of God to become servants in the vineyard of the Lord. Let us wholeheartedly encourage the children to discern their vocation to various states of life. You can forward such names to Rev. Fr. George Mathew OIC, our Minor Seminary Rector and Rev. Fr. Varghese Valikkodath, the Exarchial Promoter of Vocations. I urge all the priests to take genuine initiative in this regard.

**Exarchial Pastoral Council and Priests' Meet**

The fifth Exarchial Pastoral Council and Priests' Meet is scheduled to be held on 26 May 2017 at St. Mary's Cathedral, Khadki. The details are sent to the members through email. All the members are strictly bound to attend the Pastoral Council without fail. The absentees have to take special exemption by detailing the grave reason.


**Minor Orders for the Brothers Studying for the Exarchate**

Korooyo Pattom for the brothers who are studying for the Exarchate will be given on 27 May 2017 at St. Mary's Cathedral, Khadki. At present, we have five Brothers who are preparing to receive Korooyo Pattom. Let us earnestly submit Bros. Justin Chempanal, Paul Peter, Paul Vettikatil, Thomas Attumalil and Joseph Dhinakaran before the Lord and pray for God's blessings over them in the liturgical ceremony.

**Feasts of Ascension and Pentecost**

We are on the way to celebrate the Feasts of Ascension and Pentecost. The forty days between Easter and Feast of Ascension is a period for experiencing the peace of the Risen Lord. Resurrection is not a matter of sight; but an experience of faith. “Have you believed because you have seen me? Blessed are those who have not seen and yet have come to believe” (Jn 20:28). It has to be realized as the experience of the disciples on their way to Emmaus. The ten days of vigil (Kathirippukalam) after the Feast of Ascension is observed with great fervence to receive the Holy Spirit at the Feast of the Pentecost. Let these Feasts be a blessing for us all.

**Wishing you blessed days ahead!**



**Your Aboon**

**Days of Remembrance**

| | | |
|---|---|---|
| 07 | : | The Syro Malankara Catholic Laity Day |
| 25 | : | Suloko The Ascension of Our Lord |
| 28 | : | Vocation Day |
| 30 | : | Feast of Bishop Thomas Mar Eusebius |




1. Bangalore settled Syro Malankara Catholic parents invite proposals for their God fearing, good looking daughter - 26 yrs. 58kg, 5'1", MCA - working as software engineer. Respond to Mr. Varghese - 09845863365

2. Alliance invited from Pune settled, Malankara Catholic Keralite parent from Holy Redeemer's Malankara Catholic Church, Kalewadi for their convent educated, God fearing, good looking, daughter PhD in computer engineering, 32 years, 55 Kg, 5'4” working as assistant professor in Springfield, United States. Respond to Mr. K I Mathew 9960500325, 9823124589

# THE SYRO- MALANKARA CATHOLIC CHURCH

**MORAN MOR BASELIOS CARDINAL CLEEMIS**
**Major Archbishop-Catholicos**

Major Archiepiscopal Curia
Catholicate Centre
Pattom, Trivandrum-695004

Prot No CCL 2/2017

06.04.2017

## സർക്കുലർ

## ദൈവവിളി ദിനം 2017

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരേ, റമ്പാന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ!

"വിളവധികം; വേലക്കാരോ ചുരുക്കം. അതിനാൽ തന്റെ വിള ഭൂമിയിലേക്ക് വേലക്കാരെ അയയ്ക്കാൻ വിളവിന്റെ നാഥനോട് പ്രാർത്ഥിക്കുവിൻ" (മത്താ 9:37-38)

മലങ്കര സുറിയാനി കത്തോലിക്കാ സഭ ദൈവവിളി പ്രാർത്ഥനാദിനമായി ഈ വർഷം ആചരിക്കുന്നത് 2017 മെയ് 7-ാം തീയതി ആണ്. ഫാത്തിമാ നാഥയുടെ പ്രത്യക്ഷീകരണത്തിന്റെ 100-ാം വാർഷികത്തോട നുബന്ധിച്ചാണ് ഈ ദൈവവിളി പ്രാർത്ഥനാ ദിനം നാം സവിശേഷമായി ആചരിക്കുന്നത്. ദൈവത്തിന്റെ രക്ഷാപദ്ധതിയോട് 'അതെ' എന്ന് പ്രത്യുത്തരിക്കുകയും, ക്രിസ്തുവിന്റെ ശിഷ്യത്വം എപ്രകാരമാണ് ജീവിക്കേണ്ടതെന്നു നമുക്ക് കാണിച്ചു തരികയും ചെയ്ത പരി. അമ്മയെപ്പോലെ ദൈവഹിതം നിറവേറ്റി, സ്വജീവിതത്തിലൂടെ കർത്താവിനെമഹത്വപ്പെടുത്തുകയും, അവിടുത്തെ രക്ഷയുടെ അനുഭവത്തിലേക്ക് ദൈവജനത്തെ ആനയിക്കുകയും ചെയ്യുക എന്നുള്ളതാണ് ദൈവവിളി സ്വീകരിക്കുന്നവരുടെ നിയോഗവും ദൗത്യവും. ഈ നിയോഗപൂർത്തീകരണത്തിനും, ദൗത്യ സ്വീകരണത്തിനുമായി നമ്മുടെ മക്കളെ ആഹ്വാനം ചെയ്യുക എന്നതാണ് ഈ ദിനാചരണത്തിന്റെ പ്രഥമ ലക്ഷ്യം.

തന്നോടുകൂടി ആയിരിക്കുവാനാണ് യേശു തന്റെ ശിഷ്യന്മാരെ തെരഞ്ഞെടുത്തത്. അതോടൊപ്പം സുവിശേഷം അറിയിക്കുവാനും, തന്റെ നാമത്തിൽ രക്ഷയുടെ പ്രവർത്തികൾ ചെയ്യുവാനും അവർക്ക് അവിടുന്ന് നിയോഗവും നൽകി (മർക്കോ 3:13).

എല്ലാ വിളികളുടെയും പിന്നിലുള്ള ഉദ്ദേശ്യം വിളിക്കപ്പെടുന്ന ആൾ വിളിച്ചവനോടൊപ്പം ആയിരിക്കുക എന്നുള്ളതാണ്. ഉൽപത്തി, പുറപ്പാട് ഗ്രന്ഥങ്ങളിൽ നാം കാണുന്നതും ഇതത്രെ. പറുദീസായിൽ ദൈവം സ്ഥാപിച്ച ആദ്യകുടുംബത്തിലെ അംഗങ്ങളോടൊപ്പം വ്യാപരിച്ച ഒരു ദൈവത്തെ ഉൽപത്തി പുസ്തകം പരിചയപ്പെടുത്തുമ്പോൾ, നമ്മുടെ പൂർവികരോടൊപ്പവും, ഇസ്രയേൽ ജനതയോടൊപ്പവും നിരന്തരം നടക്കുന്ന ഒരു ദൈവത്തെ പുറപ്പാടിന്റെ പുസ്തകവും അവതരിപ്പിക്കുന്നു. അതുപോലെ അവിടുന്ന് തെരഞ്ഞെടുത്തവർ നിരന്തരം ദൈവതിരുമുമ്പിൽ വ്യാപരിക്കാനുള്ള ഒരു കടപ്പാട് ഏറ്റെടുക്കുകയും ചെയ്തവരായിരുന്നു. ഈ ദൈവസാന്നിദ്ധ്യാനുഭവങ്ങൾ നമ്മെ അനുസ്മരിപ്പിക്കുന്നത്

നാം ഏതു ജീവിതാവസ്ഥയിലേക്ക് പ്രവേശിച്ചാലും അത് ദൈവത്തോടുകൂടി ആയിരിക്കാനുള്ള അവിടുത്തെ ക്ഷണമാണ് എന്നതാണ്. അതുപോലെ ദൈവം നമ്മോടുകൂടി നിരന്തരം ആയിരിക്കുന്നു എന്ന അനുഭവബോദ്ധ്യവും നമ്മിൽ ജനിക്കുന്നു.

ദൈവവിളി എന്നതുകൊണ്ട് കുടുംബ ജീവിതാന്തസിലേക്കും, പൗരോഹിത്യ സമർപ്പിത ജീവിതത്തിലേക്കും, ഏകസ്ഥ ജീവിതത്തിലേക്കുമുള്ള ദൈവത്തിന്റെ ക്ഷണത്തെയാണ് അർത്ഥമാക്കുന്നത്.

പരിശുദ്ധാത്മ നൽവരത്താൽ പൂരിതരായി, ഓരോരുത്തരും തീക്ഷ്ണമായി ആഗ്രഹിക്കുകയും, തെരഞ്ഞെടുക്കുകയും ചെയ്യേണ്ട വ്യത്യസ്ഥ ജീവിതാവസ്ഥകളാണ് ഓരോ ദൈവവിളിയും. മാമ്മോദീസായിൽ അധിഷ്ഠിതമായ ക്രൈസ്തവ ദൈവവിളിയെ പ്രകാശിപ്പിക്കുകയും, പൂർത്തീകരിക്കുകയും ചെയ്യുന്നത് ഒരാൾ ദാമ്പത്യ ജീവിതത്തിലേക്കോ, വൈദിക -സമർപ്പിത ജീവിതത്തിലേക്കോ, ഏകസ്ഥ ജീവിതത്തിലേക്കോ പ്രവേശിക്കുമ്പോഴാണ്.

വൈവാഹിക ജീവിതാന്തസിലേക്ക് പ്രവേശിക്കുന്നവർ തങ്ങളുടെ ജീവിത പങ്കാളിയായി ദൈവം തനിക്കായി നിശ്ചയിച്ചിരിക്കുന്ന ആളിനെകണ്ടെത്താനായി പ്രാർത്ഥനാപൂർവം പരിശ്രമിക്കണം. അതുപോലെ പൗരോഹിത്യ സന്യാസ ജീവിതത്തിലേക്ക് കടന്നുവരുന്ന എല്ലാ കുഞ്ഞുങ്ങളിലും, അടിസ്ഥാനപരമായി ഉണ്ടായിരിക്കേണ്ട ആഗ്രഹം ദൈവത്തോടൊപ്പം ആയിരിക്കുക എന്നുള്ളതാകണം. ഈ ആഗ്രഹം തീവ്രമാകുമ്പോഴാണല്ലോ അവിടുത്തെ പിൻചെല്ലാനും, അതിനുവേണ്ടി എല്ലാം ഉപേക്ഷിക്കാനും ഒരാൾ തയ്യാറാകുന്നത്. യേശുനാഥൻ അരുളിചെയ്യുന്നു: "എന്നെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്നവൻ സ്വയം പരിത്യജിച്ച് എന്റെ പിന്നാലെ വരട്ടെ" (ലൂക്കാ 14:26) എന്ന് യേശുനാഥനെഅനുഗമിക്കുവാനുള്ള വിളി സ്വീകരിക്കുമ്പോൾ നമ്മുടെ ഭവനം, മാതാപിതാക്കൾ, സമ്പത്ത്, സ്ഥാനമാനങ്ങൾ തുടങ്ങിയ നമുക്ക് പ്രിയപ്പെട്ട പലതും ഉപേക്ഷിച്ചിട്ട് ദൈവരാജ്യ നിർമ്മിതി എന്ന ലക്ഷ്യത്തെ മുന്നിൽ കണ്ട് ഓടാനുള്ള ദൗത്യം നാം ഏറ്റെടുക്കുകയാണ്.

യേശുവിനോടൊപ്പം ജീവിക്കുവാനും, അവിടുത്തെ രാജ്യം ഈ ഭൂമിയിൽ സംസ്ഥാപിക്കുവാനും, അവിടുന്ന് നമ്മെ വിളിക്കുകയും, തെരഞ്ഞെടുക്കുയുമാണ് ചെയ്തത് (യോഹ. 15:16). ദൈവത്തിന്റെ വിളിയും തെരഞ്ഞെടുപ്പും അവിടുത്തേക്ക് നമ്മോടുള്ള വ്യക്തിഗത സ്നേഹത്തിന്റെ അടയാളമാണ്. ഈ വിളി അവിടുന്ന് ഇഷ്ടപ്പെടുന്നവർക്കാണ് നൽകുക. ആയതിനാൽ ദൈവത്തിന്റെ വിളി സ്വീകരിക്കുവാനും, തിരുസഭയിലൂടെ അവിടുത്തേക്ക് ശുശ്രൂഷ ചെയ്യാനും ആഗ്രഹമുള്ള കുഞ്ഞുങ്ങളെ കണ്ടെത്തുവാനും, പ്രോത്സാഹിപ്പിക്കുവാനും, അവർക്കായി ദൈവം കരുതിയിരിക്കുന്ന ജീവിതാവസ്ഥയിലേക്ക് അവരെ നയിക്കുവാനും, മാതാപിതാക്കൾ, വൈദികർ, സമർപ്പിതർ, വിശ്വാസ പരിശീലകർ, അദ്ധ്യാപകർ, ഭക്തസംഘടനാ ഭാരവാഹികൾ എന്നിവരെല്ലാം സർവാത്മനാ പരിശ്രമിക്കേണ്ടതാണ്.

വൈദിക സമർപ്പിത ജീവിതത്തിലേക്കുള്ള വിളി സ്വീകരിച്ചവർ തങ്ങളുടെ വിളിയുടെയും, തെരഞ്ഞെടുപ്പിന്റെയും ആഴവും അർത്ഥവും ഗ്രഹിച്ച് വിശുദ്ധമായ ഒരു ജീവിതം നയിക്കുവാനുള്ള നിയോഗം ഏറ്റെടുക്കുയാണ്. തങ്ങൾ ആയിരിക്കുന്ന ജീവിതാന്തസിന്റെ മഹത്വം ഗ്രഹിച്ച് തങ്ങളുടെ വിളിയോട് വിശ്വസ്തത പുലർത്തി ആനന്ദത്തോടെ ജീവിക്കുന്നവരാണ് യഥാർത്ഥത്തിൽ ദൈവവിളി സ്വീകരിച്ചവർ. സംതൃപ്തരായ അവരുടെ ജീവിതം

ദൈവവിളി പരിപോഷണത്തിനുള്ള പ്രധാനഉപാധിയാണ്. മറിച്ച് ദൈവവിളി സ്വീകരിച്ചവരുടെ ദുർമാതൃകകൾ ഈ ജീവിതത്തോടുള്ള വെറുപ്പിനും, നീരസത്തിനുമിടയാക്കിയിട്ടുണ്ട്. അതിനാൽ തങ്ങൾക്ക് ലഭിച്ച വിളിക്കനുസൃതമായി, വിളിച്ചവനായ യേശുക്രിസ്തുവിനോട് പറ്റിച്ചേർന്നുകൊണ്ട് നന്മയുടെയും അനുഗ്രഹത്തിന്റെയും മാർഗത്തിലൂടെ ചരിക്കാൻ പൂർവാധികം സമർപ്പിതർ ശ്രദ്ധിക്കേണ്ടതുണ്ട്. കുടുംബജീവിതമെന്ന വിളി ലഭിച്ചവർ ക്രൈസ്തവോചിതമായി സമ്പത്തിന്റെ ഉപയോഗം ക്രമപ്പെടുത്തേണ്ടതുണ്ട്. തങ്ങളുടെ ജീവിതത്തിനാവശ്യമായവ സ്വീകരിച്ചുകൊണ്ട് സമൂഹത്തിൽ അർഹതപ്പെട്ടവർക്ക് തങ്ങളുടെ സമ്പത്തും, ഉപയോഗവസ്തുക്കളും പങ്കുവയ്ക്കേണ്ടതാണ്. അതിനാൽ ദൈവവിളി സ്വീകരിച്ചവർ തങ്ങളുടെ വിളിയുടെ പൊരുൾ തിരിച്ചറിഞ്ഞ്, വിനീതരായി, ദൈവകൃപയിൽ നിലനിൽക്കുവാനും, വിശ്വസ്തരായി തങ്ങൾ സ്വീകരിച്ച വിളിയിൽ ജീവിതാന്ത്യംവരെ നിലനിൽക്കുവാനും പരിശ്രമിക്കേണ്ടതുണ്ട്. ഇപ്രകാരം ദൈവത്തോടൊത്ത് ജീവിക്കുന്നവർക്ക് ദൈവം നൽകുന്ന വിശിഷ്ട ദാനമാണ് ആനന്ദം. സമർപ്പിതർ ആനന്ദത്തിന്റെ സാക്ഷികളാകാൻ വിളിക്കപ്പെട്ടവരാണ്.

ദൈവവിളി സ്വീകരണമെന്നത് ഒരു പദവിയോ, ഒരു ജോലിയോ സമ്പാദിക്കുന്നതുപോലെയല്ല. മറിച്ച്, ദൈവത്തെ സമ്പാദിക്കുക എന്നുള്ള ലക്ഷ്യം മാത്രമേ ഈ വിളിയിൽ അന്തർലീനമായിട്ടുള്ളൂ. ദൈവത്തിന്റെ സഭയെ പണിതുയർത്തുമ്പോഴും, സമൂഹ നിർമ്മിതിയ്ക്കായി വിവിധ ശുശ്രൂഷകൾ ചെയ്യുമ്പോഴും അതിന്റെയെല്ലാം അടിസ്ഥാനം ദൈവത്തെ സമ്പാദിക്കുക - സമ്പാദിച്ച ദൈവത്തെ മറ്റുള്ളവർക്ക് കൊടുക്കുക - എന്നുള്ളതു മാത്രമാണ് എന്ന് അറിഞ്ഞിരിക്കണം.

അജപാലനശുശ്രൂഷയിൽ അത്ഭുതകരമായ ദൈവപരിപാലനഅനുഭവിക്കുന്ന ഒരുസഭയാണ് നമ്മുടേത്. ദൈവത്തിന്റെ വിളിയോട് സർവ്വാത്മനാ സഹകരിച്ച ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ മഹത്തായ പൈതൃകമാണ് മലങ്കര സുറിയാനി കത്തോലിക്കാസഭയിലെ അജപാലകർക്കും സമർപ്പിതർക്കും ഉള്ളത്. ഈ മഹത്തായ പൈതൃകം ഉൾക്കൊണ്ടുകൊണ്ട്, സഭാശുശ്രൂഷക്കായി സമർപ്പിക്കുവാൻ അനേകം യുവജനസുഹൃത്തുക്കൾ, വൈദിക, സന്യാസ വഴികളിലേക്ക് കടന്നുവരേണ്ടിയിരിക്കുന്നു. ഭാരതത്തിൽ മുഴുവൻ സുവിശേഷ പ്രവർത്തനം നടത്താൻ പരിശുദ്ധസിംഹാസനം അനുഗ്രഹിച്ച് അനുവദിച്ചിരിക്കുകയാണ്. ചുരുങ്ങിയ ഈ കാലയളവിനുള്ളിൽ ഒറീസായിലും ആന്ധ്രായിലും, ആസാമിലുമൊക്കെ മിഷൻ ആരംഭിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. സുവിശേഷവെളിച്ചം ഇനിയുമെത്താത്ത ധാരാളം സ്ഥലങ്ങൾ ഭാരതത്തിലുണ്ട്. വിശാലമായ നമ്മുടെ ഈ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തുവാൻ വൈദികരുടെയും സന്യസ്തരുടെയും കുറവുകൊണ്ട് നമുക്ക് സാധിക്കുന്നില്ല. സമർപ്പിതരായ ധാരാളം വൈദികരെ നമുക്ക് ആവശ്യമുണ്ട്. അതുപോലെതന്നെ സന്യാസിനികളുടെ കുറവ് നമ്മുടെ മിഷൻ പ്രവർത്തനങ്ങളെയും, സുവിശേഷ പ്രവർത്തനങ്ങളുടെ കാര്യക്ഷമതയെയും ഏറെ ദുർബലമാക്കിക്കൊണ്ടിരിക്കുയാണ്. ദൈവവിളികളുടെ കുറവ് സഭയുടെ ആദ്ധ്യാത്മികതയുടെ വളർച്ചയെയും, കാരുണ്യപ്രവർത്തനങ്ങളുടെ വികാസത്തെയും, ദോഷകരമായി ബാധിക്കും എന്നതിൽ സംശയമില്ല. ആയതിനാൽ ദൈവത്തിലേക്ക് ലോകത്തെ നയിക്കുന്നതിനും, സുവിശേഷത്തിന്റെ പുരോഗതിക്കായി പ്രയത്നിക്കുന്നതിനും, പുരോഹിതരുടെയും സന്യസ്തരുടെയും എണ്ണം വർദ്ധിച്ചേ മതിയാകൂ. അർത്ഥികളുടെ എണ്ണത്തിലുള്ള


വർദ്ധനവുണ്ടായാൽ മാത്രമേ ഗുണപരമായ ഒരു ഗണത്തെ തെരഞ്ഞെടുത്ത് പരിശീലിപ്പിക്കുവാനും സാദ്ധ്യമാകൂ.

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പ്രത്യേകമായ സംവിധാനത്തിലും, പശ്ചാത്തലത്തിലും വൈദിക സന്യസ്ത ജീവിതാന്തസുകളിലേക്കുമുള്ള ദൈവവിളിയുടെ പ്രോത്സാഹനത്തിനും പരിപോഷണത്തിനുമായിട്ടാണ് നാം ദൈവവിളിയ്ക്കുവേണ്ടിയുള്ള സുന്നഹദോസ് കമ്മീഷന് രൂപം കൊടുത്തിട്ടുള്ളത്. അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് എപ്പിസ്ക്കോപ്പായുടെ അദ്ധ്യക്ഷതയിലും നേതൃത്വത്തിലുമാണ് ദൈവവിളി പ്രോത്സാഹനകർമ്മപരിപാടികൾ നടക്കുന്നത്. 2017 ഏപ്രിൽ 30-ാം തീയതി മുതൽ മെയ് 7-ാം തീയതിവരെ വിവിധങ്ങളായ പരിപാടികൾ ഉൾക്കൊള്ളിച്ചുകൊണ്ട് 'ദൈവവിളി ആഴ്ച'യായി ആചരിക്കുവാൻ തീരുമാനിച്ചിരിക്കുകയാണ്. അതിന്റെ വിവരങ്ങൾ ഇതോടൊപ്പം ചേർക്കുന്നുണ്ട്. ദൈവവിളി കമ്മീഷൻ സെക്രട്ടറിമാർ റവ. ഡോ. ജോൺ കുറ്റിയിലച്ചനും, റവ. ഡോ. സിസ്റ്റർ ആർദ്രയുമാണ്. അതനുസരിച്ചുള്ള ക്രമീകരണങ്ങൾ ഇടവകകളിൽ നടത്തണമെന്ന് സ്നേഹത്തോടെ ഞാൻ ഓർമ്മിപ്പിക്കുന്നു.

നമ്മുടെ കുട്ടികൾക്കുവേണ്ടി പ്രാർത്ഥിക്കുവാനും, പൗരോഹിത്യ-സന്യാസ ജീവിതത്തിലേക്ക് താല്പര്യമുള്ള കുഞ്ഞുങ്ങൾക്കുവേണ്ട പ്രോത്സാഹനം നൽകുവാനും, ദൈവവിളി ക്യാമ്പുകളും കുട്ടികളുടെ സംഗമങ്ങളും, ഇടവകകളിൽ ക്രമീകരിക്കുവാനും മാധ്യമങ്ങൾ ദൈവവിളി പ്രോത്സാഹനഉപാധികളാക്കി മാറ്റുവാനും കഴിയണം. ദൈവവിളി പ്രോത്സാഹനമെന്ന ഉത്തരവാദിത്തത്തിലേക്ക് എല്ലാ മാതാപിതാക്കളെയും ബഹു. വൈദികരെയും, സന്യസ്തരെയും മതാദ്ധ്യാപകരെയും, അൾത്താര ശുശ്രൂഷികളെയും ഞാൻ ചുമതലപ്പെടുത്തുന്നു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പ്രവർത്തനങ്ങളിൽ വ്യാപൃതരായിരിക്കുന്ന നമ്മുടെ എല്ലാ അഭിവന്ദ്യ പിതാക്കന്മാരെയും അല്മായ പ്രേഷിതരെയും പ്രത്യേകം അഭിനന്ദിക്കുകയും നന്ദിയോടെ അനുസ്മരിക്കുകയും, അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു. ദൈവം തന്റെ കരുണയും, അനുഗ്രഹങ്ങളും നിങ്ങൾ ഓരോരുത്തരുടെമേലും നമ്മുടെ സഭയുടെമേലും വർഷിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. മലങ്കര സുറിയാനി കത്തോലിക്കാസഭ പൗരോഹിത്യ സന്യസ്ത ദൈവവിളികൾകൊണ്ട് സമ്പന്നമാകട്ടെ എന്ന് നമുക്ക് ഉള്ളുരുകി പ്രാർത്ഥിക്കാം. എല്ലാവർക്കും ഉയിർപ്പുതിരുനാളിന്റെ അനുഗ്രഹങ്ങൾ നേരുന്നു.

എന്ന്,

കർത്താവിൽ നിങ്ങളുടെ വിനീതശുശ്രൂഷി



✠ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ്
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കാബാവാ.

---

N.B.: ഈ സർക്കുലർ ദൈവവിളി പ്രാർത്ഥനാവാരം ആരംഭിക്കുന്ന 2017 ഏപ്രിൽ 30-ാം തീയതി ഞായറാഴ്ച നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാ കേന്ദ്രങ്ങളിലും വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.

# മലങ്കര സുറിയാനി കത്തോലിക്കാ സഭ

## ദൈവവിളി വാരം

## 2017 ഏപ്രിൽ 30 – മെയ് 07

*ഈ വേദവായനകളും വിചിന്തനങ്ങളും ദൈവവിളിവാരത്തിലെ ഓരോ ദിവസത്തെയും വി. കുർബാനയ്ക്ക് ശേഷം ദൈവവിളികൾക്കുവേണ്ടിയുള്ള പ്രാർത്ഥനയിൽ ചേർക്കാവുന്നതാണ്.*

*ഓരോ ദിവസവും ചൊല്ലേണ്ട ദൈവവിളിക്കുള്ള പ്രാർത്ഥന ഈ നോട്ടീസിന്റെ ഒടുവിൽ കൊടുത്തിരിക്കുന്നു.*

### *ഏപ്രിൽ 30 ഞായർ*

**വിഷയം:- വിളവിന്റെ നാഥനോടു പ്രാർത്ഥിക്കാം**

**● വി. കുർബാന, ദൈവവിളിവാര ഉദ്ഘാടനം**

വേദവായനകൾ : ഉൽപത്തി 22:1-19; 2 തെസ. 2:16-35; മത്തായി 9:35-38

വിചിന്തനം :

പരിഭ്രാന്തിയുടെയും നിസ്സഹായതയുടെയും പിടിയിലമർന്ന അനേകം മനുഷ്യർ ഇന്ന് നമുക്കു ചുറ്റിനുമുണ്ട്. അവർക്കൊക്കെ പ്രത്യാശയും ധൈര്യവും ഏകുന്ന ദൈവത്തിന്റെ കരുണ നിസ്വാർത്ഥമായി നൽകുന്ന പുരോഹിതരെയും സന്ന്യസ്തരെയും ലഭിക്കുവാൻ നമുക്ക് വിളവിന്റെ നാഥനോടു പ്രാർത്ഥിക്കാം.

വിശുദ്ധരുടെ വഴിയേ:

**വി. കൊച്ചുത്രേസ്യ**

**"സ്നേഹമാണ് എന്റെ ദൈവവിളി"**

വി. കൊച്ചുത്രേസ്യ ഇരുപത്തിനാലു വർഷം നീണ്ട തന്റെ ജീവിതം മാറ്റിവെച്ചത് മറ്റുള്ളവരെ സ്നേഹിക്കുവാനും സഭയ്ക്കുവേണ്ടി പ്രാർത്ഥിക്കുവാനുമാണ്. ആ ചെറുപുഷ്പത്തിന്റെ ജീവിതം ദൈവവിളിക്കുവേണ്ടിയും സഭയ്ക്കുവേണ്ടിയും പ്രാർത്ഥിക്കാൻ നമ്മെ ആഹ്വാനം ചെയ്യുന്നു.

### *മെയ് 01 തിങ്കൾ*

**വിഷയം:- തനിക്ക് ഇഷ്ടമുള്ളവരായി തീരാം**

**● വി. കുർബാന**

വേദവായനകൾ : പുറ. 3; സങ്കീ. 2; മർക്കോ. 3:13-19

വിചിന്തനം :

ലോകത്തിൽ ദൈവത്തിന്റെ ശബ്ദമായി നിലകൊള്ളാൻ മോശയെപ്പോലെ ശക്തരായ ആളുകളെ ദൈവം അഭിഷേകം ചെയ്യാൻ തയ്യാറാണ്. എന്നാൽ, തനിക്കിഷ്ടമുള്ളവരായി തീർന്ന് തന്റെ ഹിതത്തിനനുസരിച്ചു ജീവിക്കുന്നവരെയാണ് ദൈവം വിളിക്കുന്നത്. ദൈവത്തിനു ഇഷ്ടമുള്ളവരായി തീരുന്നതിനും അനേകം പേർ ദൈവവഴിയിലേക്കു വരുന്നതിനും നമുക്ക് പ്രാർത്ഥിക്കാം.

വിശുദ്ധരുടെ വഴിയേ:

### വി. ഫ്രാൻസിസ് അസീസ്സി

**"നാഥാ എന്നെ നിന്റെ ശാന്തിയുടെ ഉപകരണമാക്കി മാറ്റണമേ"**

വി. ഫ്രാൻസിസ്സ് അസീസ്സി ഒരുപാട് നാൾ തെറ്റിന്റെ വഴിയെ നടന്നിരുന്നു. എന്നാൽ, അവൻ തന്റെ ജീവിതം ദൈവത്തിനു എന്നു സമർപ്പിച്ചുവോ അന്നുമുതൽ ദൈവത്തിന്റെ കരം തന്നിലൂടെ പ്രവർത്തിക്കാൻ തന്നെത്തന്നെ വിട്ടുകൊടുത്തു. വി. ഫ്രാൻസിസ്സിന്റെ ജീവിതം ദൈവത്തിന്റെ ഉപകരണമായി തീരാൻ നമ്മെ ആഹ്വാനം ചെയ്യുന്നു.

## *മെയ് 02 ചൊവ്വ*

**വിഷയം:- അവൻ വസിക്കുന്നിടത്തേക്കു പോകാം**

### വി. കുർബാന

വേദവായനകൾ : 1 സാമു. 3; സങ്കീ. 84; യോഹ. 1:35-42
വിചിന്തനം :

ഇന്നു നമുക്കു ചുറ്റുമുള്ള അനേകം സ്വരങ്ങളും സ്ഥലങ്ങളും സാഹചര്യങ്ങളും നമ്മെ വിളിക്കുന്നുണ്ട്. സ്വരസാന്ദ്രമായ നമ്മുടെ ജീവിതത്തിൽ സാമുവേലിനെപ്പോലെ ദൈവത്തിന്റെ സ്വരം തിരിച്ചറിയുവാനും കർത്താവു വസിക്കുന്ന ഭവനത്തിലേക്കു പോകാനും അവിടുത്തെ ആലയത്തെക്കുറിച്ചുള്ള തീക്ഷ്ണത അനേകം പേരിൽ ഉളവാകുവാൻ നമുക്കു പ്രാർത്ഥിക്കാം.

വിശുദ്ധരുടെ വഴിയേ:

### വി. ജോൺ മരിയ വിയാനി

**"വി. കുർബാനയെക്കാൾ ശ്രേഷ്ഠമായ മറ്റൊന്നില്ല"**

വി. ജോൺ മരിയ വിയാനി പണ്ഡിതനായ ഒരു വൈദികനല്ലായിരുന്നു. പക്ഷെ ദൈവത്തിന്റെ ആലയത്തെയും ജനത്തെയും പറ്റിയുള്ള ചിന്തയാൽ അദ്ദേഹം സദാ ഉരുകിയിരുന്നു. എപ്പോഴും ദൈവത്തിന്റെ ഹൃദയത്തോടു ചേർന്നു നിൽക്കാനും അനേകരുടെ ഹൃദയങ്ങളെ ദൈവത്തോടു ചേർത്തു വെയ്ക്കാനും ഈ വിശുദ്ധന്റെ ജീവിതം നമ്മെ ആഹ്വാനം ചെയ്യുന്നു.

## *മെയ് 03 ബുധൻ*

**വിഷയം:- നീ പോയി ദൈവരാജ്യം പ്രസംഗിക്കുക**

### വി. കുർബാന

വേദവായനകൾ : ജെറ. 1:4-10, സങ്കീ.1, ലൂക്കാ. 9:57-62
വിചിന്തനം :

യേശുവിനെ അനുഗമിക്കാൻ തയ്യാറാകുന്നവർക്ക് നേരിടേണ്ടിവരുന്ന പ്രതിസന്ധികളും കുരിശുകളും അനവധിയാണ്. ദൈവരാജ്യം പ്രസംഗിക്കുന്നതിനായും ധൈര്യപൂർവ്വം സാക്ഷ്യം വഹിക്കുവാനുമുള്ള കൃപ ദൈവവിളി സ്വീകരിച്ചവർക്കു ലഭിക്കുവാൻ നമുക്ക് പ്രാർത്ഥിക്കാം.

വിശുദ്ധരുടെ വഴിയേ:

### വി. ഡാമിയൻ

**"എല്ലാ വിചാരങ്ങളും ആഗ്രഹങ്ങളും സ്വർഗ്ഗത്തിലേക്ക് തിരിക്കുക"**

വി. ഡാമിയൻ തന്റെ ജീവിതം കുഷ്ഠരോഗികളുടെ ശുശ്രൂഷയ്ക്കായി മാറ്റിവച്ചു. ദൈവരാജ്യത്തിനുവേണ്ടി മിഷൻ പ്രവർത്തനം ചെയ്യാൻ അദ്ദേഹം എന്നും ആഗ്രഹിച്ചു. പതിനാറുവർഷങ്ങൾ

കുഷ്ഠരോഗികളുടെ ശാരീരികവും വൈകാരികവും ആത്മീയവുമായ ആവശ്യങ്ങൾക്കു വേണ്ടി പ്രവർത്തിച്ച് ഒടുവിൽ കുഷ്ഠരോഗം ബാധിച്ചു മരിച്ച വി. ഡാമിയൻ നമ്മുടെ ഹൃദയങ്ങളെ സ്വർഗ്ഗത്തിലേക്കു തിരിക്കാൻ ആഹ്വാനം ചെയ്യുന്നു.

## *മെയ് 04 വ്യാഴം*

**വിഷയം:- നീ മനുഷ്യരെപ്പിടിക്കുന്നവനാകും**

### ● വി. കുർബാന

വേദവായനകൾ : ഉല്പ. 22:1-18; സങ്കീ. 110; ലൂക്ക 5:1-11
വിചിന്തനം :

നമ്മുടെയൊക്കെ ജീവിതത്തിൽ മറ്റു മനുഷ്യരുടെ സ്നേഹവും കരുതലും നേടാൻ നാം ആഗ്രഹിക്കുന്നു. എന്നാൽ അപ്രകാരം മനുഷ്യരെ നേടുന്നവരാകുവാൻ നാം ചെയ്യേണ്ടത് അബ്രഹാമിനെപ്പോലെയും പത്രോസിനെപ്പോലെയും കർത്താവിന്റെ വചനം അനുസരിക്കുക എന്നതാണ്. ദൈവവചനത്തിന് കാതോർത്ത് ജീവിച്ച് മനുഷ്യരെ നേടുന്ന വ്യക്തികൾ നമ്മുടെ കുടുംബങ്ങളിൽ ഉണ്ടാകാൻ നമുക്ക് പ്രാർത്ഥിക്കാം.

**വിശുദ്ധരുടെ വഴിയേ:**

### വി. മദർ തെരേസാ

**"ദൈവം എന്നെ വിളിച്ചിരിക്കുന്നത് വിശ്വസ്തയാകാനാണ്"**

പാവങ്ങളുടെ അമ്മ എന്നറിയപ്പെട്ട മദർ തെരേസ കാരുണ്യത്തിന്റെ സ്പർശം കൊണ്ട് അനേകം പാവങ്ങളെ ദൈവത്തിനായി നേടി. മദർതെരേസാ പ്രദർശിപ്പിച്ച അടിയുറച്ച ദൈവവിശ്വാസം നമ്മെയും വിശ്വസ്തരാകാൻ ആഹ്വാനം ചെയ്യുന്നു.

## *മെയ് 05 വെള്ളി*

**വിഷയം:- നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ**

### ● വി. കുർബാന

വേദവായനകൾ : 1 സാമു. 1, സങ്കീ. 132; ലൂക്ക 1:26-38
വിചിന്തനം :

ഇന്നത്തെ ലോകത്തിൽ എല്ലാവരും സ്വന്തം ഇഷ്ടം ചെയ്യാനാണ് താത്പര്യപ്പെടുന്നത്. എന്നാൽ ദൈവത്തിന്റെ ഇഷ്ടം ചെയ്യുന്നതാണ് കൂടുതൽ ഉപകാരപ്രദം എന്ന് നാം തിരിച്ചറിയണം. ദൈവത്തിന്റെ വാക്ക് സ്വന്തം ജീവിതത്തിലൂടെ നിറവേറ്റാൻ ദൈവവിളി ലഭിച്ചവർക്കു സാധിക്കട്ടെ എന്നു നമുക്ക് പ്രാർത്ഥിക്കാം.

**വിശുദ്ധരുടെ വഴിയേ:**

### വി. എഡിത്ത് സ്റ്റെയിൻ

**"സത്യം തേടുന്നവർ അവർ അറിയാതെ ദൈവത്തെ തേടുന്നു"**

ഒരു യഹൂദയായി ജനിച്ച എഡിത്ത് സ്റ്റെയിൻ രണ്ടു ദശകങ്ങൾക്കു ശേഷം കർത്താവിനെ തിരിച്ചറിഞ്ഞപ്പോൾ തന്റെ ജീവിതത്തിൽ ദൈവത്തിന്റെ വാക്ക് നിറവേറാൻ വിട്ടുകൊടുത്തു. അത് വിശുദ്ധമായ ധീരതയോടെ രക്തസാക്ഷിത്വം വരിക്കാൻ പ്രേരിപ്പിച്ചുവെന്നത് ധീരോചിതമായി ദൈവത്തെ പിന്തുടരാൻ പ്രേരിപ്പിക്കുന്നു.

## *മെയ് 06 ശനി*

**വിഷയം:- നമുക്കും അവനോടൊപ്പം പോയി മരിക്കാം**

### ● വി. കുർബാന

വേദവായനകൾ : സങ്കീ. 130, റോമ 8:6-11, യോഹ. 11:1-16



The Service of Washing the Feet, Sakinaka & Vikroli Parishes



Festal Celebration of Sr Keerti SIC, Vasai



Holy Week Preparatory Retreat, Ayyapakam



Welcome to Fr Mathew Punakulam, Assistant Vicar of Warje Malwadi Parish



Vishrathwadi MCYM Praying Psalms with the Vicar





Easter Celebration with SEVA Kids



Easter Celebration, Kalewadi



Easter Celebration, Dehu Road





Hossanna and Easter Celebration at Bapatla, Andhra Pradesh



Lenten Retreat, Khadki



Night Vigil, MCYM Vasai



Newly Elected MCYM Secretariat, Bengaluru District





Newly Elected MCA, MCYM & Mathrusangam Office Bearers, Chennai and Mumbai District



MCYM Members with Rev Fr Benny, Vishrathwadi



Mathrusangham Meeting, Vasai



Newly Elected Parish Committee, Hennur



The Parsih Community at the renovated Madabaha, Dehuraod



Festal Celebration of Vicar, Nanganallur, Chennai



Community at Kamagiri, Karnataka






Community at Bapatla, Andhra Pradesh



St Joseph's Festal Celebration, Nanganallur



Sakinaka Parish Distributing Food Packets at Tata Memorial Hospital

വിചിന്തനം :

ദൈവത്തിനു വേണ്ടി ജീവിക്കുക എന്നു പറയുന്നത് ശ്രേഷ്ഠമാണ് എന്നാൽ ദൈവത്തിനു വേണ്ടി മരിക്കാൻ തയ്യാറാവുക അതിലും ശ്രേഷ്ഠമാണ് യഥാർത്ഥ ജീവൻ ക്രിസ്തുവിലാണെന്നു തിരിച്ചറിയുന്നവർക്ക് അവനു വേണ്ടി മരിക്കാൻ തയ്യാറാവുക ബുദ്ധിമുട്ടല്ല. സഭയിൽ വിശ്വാസത്തെ പ്രതി മരിക്കാൻ പോലും തയ്യാറായ പുരോഹിതരും സന്യസ്തരും ഉണ്ടാകുവാൻ നമുക്ക് പ്രാർത്ഥിക്കാം .

വിശുദ്ധരുടെ വഴിയേ:

### വി. മാക്സിമിലിയൻ കോൾബെ

**"നാം ദൈവത്തെ നമ്മുടെ ശക്തിയോളം മഹത്വപ്പെടുത്തണം"**

വി. മാക്സിമിലിയൻ കോൾബെ ഒരു അപരിചിതനു വേണ്ടി മരിക്കാൻ തയ്യാറായത് താൻ ദൈവസ്നേഹത്താൽ നിറഞ്ഞതിനാലാണ്. ദൈവത്തിനുവേണ്ടി മരിക്കാനും ജീവിക്കാനും ഈ വിശുദ്ധന്റെ ജീവിതം നമ്മെ പ്രോത്സാഹിപ്പിക്കുന്നു.

## *മെയ് 07 ഞായർ*

**വിഷയം:- നിങ്ങളും പരിപൂർണ്ണരാകുവിൻ**

- **വി. കുർബാന**

വേദവായനകൾ: സങ്കീ. 103:1-4; 1 കൊറി. 3:16-23; മത്താ. 5: 38-48
വിചിന്തനം :

നാം വിളിക്കപ്പെട്ടിരിക്കുന്നത് പരിപൂർണ്ണതയുടെ ജീവിതത്തിലേക്കാണ്. മറ്റെന്തെല്ലാം കൊണ്ടും നമ്മുടെ ജീവിതത്തെ പൂർണ്ണമാക്കാൻ പരിശ്രമിച്ചാലും അത് പൂർണ്ണമാകില്ല. ദൈവസ്നേഹത്താൽ പരിപൂർണ്ണരായ വ്യക്തികൾ പരിപൂർണ്ണതയുടെ ജീവിതമായ പൗരോഹിത്യ-സന്യസ്ത ജീവിതത്തിലേക്കു വരാൻ നമുക്ക് പ്രാർത്ഥിക്കാം.

വിശുദ്ധരുടെ വഴിയേ:

### വി. പാദ്രെ പിയോ

**"സഹനങ്ങൾ ഏറുമ്പോൾ ദൈവത്തിന്റെ സ്നേഹവും ഏറും"**

ദൈവസ്നേഹം കൊണ്ട് തന്റെ ജീവിതം നിറച്ച വി. പാദ്രെ പിയോയ്ക്ക് ദൈവം പഞ്ചക്ഷതങ്ങൾ നൽകി തന്നോടു അനുരൂപപ്പെടുത്തി. വിശുദ്ധന്റെ ജീവിതം നമ്മെയും ആഹ്വാനം ചെയ്യുന്നത് നമ്മുടെ ജീവിതത്തെ സ്നേഹംകൊണ്ടും സഹനം കൊണ്ടും നിറയ്ക്കാനാണ്.

- **ദൈവവിളിവാര സമാപനം**

---

## ദൈവവിളിക്കുള്ള പ്രാർത്ഥന

ലോകരക്ഷകനായ ഈശോയേ, അങ്ങിൽ നിന്നു ലഭിച്ചിട്ടുള്ള സകല അനുഗ്രഹങ്ങൾക്കും പ്രത്യേകിച്ച് സത്യവിശ്വാസത്തിനും ഞങ്ങൾ നന്ദി പറയുന്നു. ആ വിശ്വാസത്തിൽ സ്ഥിരമായി നിലനിൽക്കുന്നതിനും വളർന്നുവരുന്നതിനുമുള്ള കൃപാവരം ഞങ്ങൾക്കു നൽകണമേ. കർത്താവേ, ഇനിയും അനേകം ജനങ്ങൾ അങ്ങയെ അറിയാതെയും അറിയുന്നതിനുള്ള മാർഗ്ഗമില്ലാതെയും ജീവിക്കുന്നുണ്ടെന്ന് അങ്ങ് ഓർക്കണമേ. വിളവിന്റെ വയലിലേക്ക് വേലക്കാരെ അയയ്ക്കണമെന്ന് വിളവിന്റെ നാഥനോടു പ്രാർത്ഥിക്കുവാൻ അങ്ങ് ആവശ്യപ്പെട്ടുവല്ലോ. പരിശുദ്ധ കന്യകാമറിയത്തിന്റെയും വിശുദ്ധ യൗസേപ്പിതാവിന്റെയും ഇന്ത്യയുടെ അപ്പോസ്തലനായ വിശുദ്ധ തോമാശ്ലീഹായുടെയും സാർവ്വത്രിക മിഷൻ പ്രവർത്തനങ്ങളുടെ മദ്ധ്യസ്ഥരായ വിശുദ്ധ കൊച്ചുത്രേസ്യ, വിശുദ്ധ ഫ്രാൻസിസ് സേവ്യർ എന്നിവരുടെയും മാദ്ധ്യസ്ഥം വഴി അങ്ങയുടെ പ്രേഷിതരാകുന്നതിന് ഉദാരമായ മനോഭാവം യുവതീ യുവാക്കളിൽ ജനിപ്പിക്കണമേ. ആത്മാക്കളുടെ രക്ഷയ്ക്ക് തീക്ഷ്ണതയോടെ വേല ചെയ്യുന്നതിനുള്ള അനുഗ്രഹം അവർക്കു നൽകണമേ. ഞങ്ങളുടെ കുടുംബങ്ങളിൽ നിന്നും ഇടവകകളിൽ നിന്നും പ്രേഷിതരംഗങ്ങളിൽ വേല ചെയ്യുന്നതിനുള്ള തീക്ഷ്ണ മതികളായ ധാരാളം പ്രേഷിതരെ വിളിക്കുകയും ചെയ്യണമേ.
ആമ്മേൻ.

മലങ്കര സുറിയാനി കത്തോലിക്കാ സഭ

2017-ലെ അൽമായ ദിനത്തോടനുബന്ധിച്ച്,

അൽമായർക്കുവേണ്ടിയുള്ള സുന്നഹദോസ് കമ്മീഷൻ ചെയർമാൻ

## അഭിവന്ദ്യ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്താ

പുറപ്പെടുവിക്കുന്ന സർക്കുലർ

ബഹു. വൈദികരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ,

മലങ്കര സുറിയാനി കത്തോലിക്കാ സഭ അല്മായ ദിനം ഈ വർഷം ആചരിക്കുന്നത് മെയ് 7-ന് ആണ്. അല്മായരുടെ വിളിയും ദൗത്യവും സവിശേഷമായി അനുസ്മരിക്കുന്ന ഈ ദിനത്തിന്റെ പ്രാർത്ഥനാശംസകൾ എല്ലാ അല്മായ സഹോദരങ്ങൾക്കും സമൃദ്ധമായി നേരുന്നു.

മാമോദീസാവഴി മിശിഹായോട് ഏകശരീരമായിത്തീർന്ന്, ദൈവജനത്തിൽ അംഗത്വം ലഭിച്ച്, മിശിഹായുടെ പുരോഹിത, പ്രവാചക, രാജകീയ ദൗത്യങ്ങളിൽ പങ്കുകാരാക്കപ്പെട്ട് സഭയിൽ തങ്ങളുടെ ദൗത്യം നിറവേറ്റുന്നവരാണ് അല്മായവിശ്വാസികൾ. ഇവർ സവിശേഷ മായ രീതിയിൽ ലോകത്തോട് ബന്ധപ്പെട്ട് ജീവിക്കുന്നവരാണെന്നും സഭ കൂട്ടിച്ചേർക്കുന്നു. അങ്ങനെ, അല്മായൻ എന്ന പദത്തെ ലോകത്തോട് ബന്ധപ്പെട്ട് ജീവിക്കുന്ന ക്രിസ്ത്യാനി എന്ന് മനസിലാക്കാം.

സഭയുടെതന്നെ ദൗത്യത്തിന്റെ വെളിച്ചത്തിലാണ് അല്മായന്റെ ദൗത്യം മനസിലാ ക്കാൻ കഴിയുന്നത്. ദൈവമഹത്വത്തെപ്രതി ക്രിസ്തുവിന്റെ രാജത്വം ലോകം മുഴുവൻ വ്യാപിപ്പിച്ച് എല്ലാ മനുഷ്യരെയും രക്ഷാകരമായ വീണ്ടെടുപ്പിൽ പങ്കുകാരാക്കുകയും അവർ വഴി ലോകത്തെ ക്രിസ്തുവിലേക്ക് നയിക്കുകയുമാണ് സഭയുടെ ദൗത്യം. ഈ ലക്ഷ്യ ത്തിനുവേണ്ടിയുള്ള സഭയുടെ ഉദ്യമങ്ങൾ എല്ലാം ചേർന്നതാണ് പ്രേഷിതത്വം. സഭ തന്റെ ഈ ദൗത്യം നിർവഹിക്കുന്നത് അതിലെ എല്ലാ അംഗങ്ങളിലുംകൂടിയാണ്. സഭയുടെ ഈ

ദൗത്യത്തിൽ പങ്കുചേരുകയെന്നതാണ് അല്മായന്റെ പ്രേഷിതദൗത്യം. ലോകത്തിൽ ജീവിച്ച് ലോക വ്യാപാരങ്ങളിൽ ക്രിസ്തീയമായി ഇടപ്പെട്ടുകൊണ്ടാണ് അല്മായർ ഈ ദൗത്യം നിറവേറ്റേണ്ടത്. ഇവർ ദൈവകൃപയിൽ നിറഞ്ഞ് തങ്ങളുടെ കുടുംബത്തിലും ലോകത്തിലുമായി ഈ ദൗത്യം പൂർത്തിയാക്കുന്നു. ലോകവുമായി ഇവർക്കുള്ള ബന്ധം സഭയിലെ ഇവരുടെ പ്രധാന്യവും സഭയുടെ പ്രേഷിത പ്രവർത്തനത്തിൽ അവർക്ക് വഹിക്കാൻ കഴിയുന്ന നിർണായകമായ സ്ഥാനവും വ്യക്തമാക്കുന്നു.

സഭാസംവിധാനത്തിൽ, അല്മായർക്ക് എല്ലാ അർത്ഥത്തിലും ഈ ദൗത്യനിർവഹണത്തിന് തനതും അനുപേക്ഷണീയവുമായ പങ്കുണ്ട്. ക്രിസ്തുദർശനത്തിലേക്ക് ക്ഷണിക്കപ്പെട്ടു എന്നതുതന്നെ, അല്മായരെ സംബന്ധിച്ചിടത്തോളം, പ്രേഷിതത്വത്തിനുള്ള ദൗത്യമേല്പിക്കലാണ്. ഓരോ അംഗത്തിനും ഇതിൽ പങ്കുണ്ടെന്ന് കാണിക്കാൻ ശരീരത്തിലെ ഓരോ അവയവത്തിനുമുള്ള പങ്കിനെപ്പറ്റി വിശുദ്ധ പൗലോസ് ഉദ്ബോധിപ്പിക്കുന്നു (1 കോറി 12:12-17). ഓരോരുത്തരും അവരവരുടെ ധർമ്മം അനുഷ്ഠിച്ചേ മതിയാവൂ. വിശാലാർത്ഥത്തിൽ, അല്മായ പ്രേഷിതത്വമെന്നത് പരസ്പരാശ്രയത്വത്തോടെയുള്ള ഏകസ്വര വളർച്ചയാണ്. സുവിശേഷചൈതന്യം സ്വന്തമാക്കിയ അല്മായൻ സമൂഹത്തെയാകമാനം വിശുദ്ധമാക്കിക്കൊണ്ട് അവന്റെ വ്യാപാരമണ്ഡലങ്ങളിൽ (കുടുംബം, വിദ്യാലയങ്ങൾ, യുവസമൂഹം, രാഷ്ട്രീയമേഖല, സാമുദായിക വേദി,....) അതു വിന്യസിപ്പിക്കണം. അല്മായ പ്രേഷിതത്വമെന്ന ദൗത്യം വ്യക്തിഗതമായും സാമൂഹിക സ്വഭാവത്തിലും ചെയ്യാൻ സാധിക്കും. വൈദിക-സന്യസ്ത സമൂഹങ്ങൾക്ക് സഭാശുശ്രൂഷകൾ ചെയ്യുവാൻ പരിമിതികളുള്ള സ്ഥലങ്ങളിൽ അല്മായ പ്രേഷിതർക്ക് സ്വച്ഛന്ദം പ്രവർത്തിക്കുവാൻ കഴിയും. അത് വളർത്തി പരിപോഷിപ്പിച്ച് സഭയുടെ ബഹുമുഖക്ഷേമത്തിന് ഉപകരിക്കുംവിധം കർമനിരതമാക്കാൻ അല്മായർക്ക് ഉത്തരവാദിത്വമുണ്ട്. ആദിമസഭയുടെ അടിസ്ഥാനപ്രേഷിതാഭിമുഖ്യം നാമോർക്കണം. അവരുടെ ശുശ്രൂഷകൾ പരപ്രേരണയാലുണ്ടായതല്ല, ആത്മജന്യമായിരുന്നു. വിശ്വാസികളുടെ സേവനവ്യഗ്രതയും കരുതലും സ്നേഹവും കണ്ട് മറ്റുള്ളവർ വിസ്മയംകൂറുമായിരുന്നുവെന്ന് അപ്പസ്തോലപ്രവർത്തനങ്ങളിൽ നാം വായിക്കുന്നു (അപ്പ. പ്ര 2:42-47).

സഭയിലും സമൂഹത്തിലും അല്മായർക്കു പ്രേഷിതപ്രവർത്തനം നടത്താനുണ്ട്. രണ്ടിടത്തുമായി നിരവധി മേഖലകളും തുറന്നുകിട്ടുന്നു. സഭ, കുടുംബം, യുവജനം, സാമൂഹികരംഗം, ദേശീയ-സാർവ്വദേശീയ വേദികൾ എന്നിങ്ങനെവൈവിധ്യമുണ്ടവയ്ക്ക്. ഇവയിലൊക്കെ പുരുഷന്മാരൊടൊപ്പം സ്ത്രീകളും സജീവമായി വ്യാപരിക്കുന്നുണ്ട്. സഭയുടെ പ്രാരംഭഘട്ടത്തിൽത്തന്നെ സുവിശേഷ പ്രഘോഷണങ്ങളിൽ സ്ത്രീപുരുഷ ഭേദമന്യേയുള്ള ഭാഗഭാഗിത്വം കാണാം. അല്മായർ ഇത് സാധിക്കുന്നത് ആരാധനക്രമ ജീവിതത്തിലെ സജീവ ഭാഗഭാഗിത്വത്തിലൂടെയാണ്. പുനരൈക്യ ശുശ്രൂഷകളിൽ ഉൾപ്പെടുക, വചനപ്ര

ഘോഷണത്തിൽ സഹകരിക്കുക എന്നിവ അല്മായർ ഏറ്റെടുക്കേണ്ട ശുശ്രൂഷകളാണ്. ബഹു. വികാരിയച്ചന്മാരോടു ചേർന്ന് മതബോധനശുശ്രൂഷയിൽ ഉൾച്ചേരുക എന്നതും അല്മായ സഹോദരങ്ങൾക്കു നിർവ്വഹിക്കാൻ കഴിയുന്ന മറ്റൊരു മേഖലയാണ്.

ഇടവകയാണ് അല്മായ പ്രേഷിതത്വത്തിന്റെ മുഖ്യതട്ടകം. ക്രിസ്തുവിന്റെ കരുണാർദ്രമായ മുഖം സാധാരണക്കാരുടെ ജീവിതാവസ്ഥകളിൽ എത്തിക്കുന്നത് അല്മായ സഹോദരങ്ങളാണ്. ക്ലേശകരമായ കുടുംബജീവിത നിമിഷങ്ങളിൽ കുരിശെടുത്തുകൊണ്ട് കർത്താവിനെഅനുധാവനം ചെയ്യുന്നത് അല്മായ സഹോദരങ്ങളാണ്. പലതരക്കാരായ വിശ്വാസികളെ ഇടവക ഏകോപിപ്പിക്കുകയും സഭയുടെ സാർവത്രികതയിലേക്ക് ക്രമേണ കൊണ്ടുവരുകയും ചെയ്യുന്നു. അപ്പോളെല്ലാം വൈദിക- സമർപ്പിതരുമായി ആഴത്തിലുള്ള ഇഴയടുപ്പം അല്മായ സഹോദരങ്ങൾ പാലിക്കണം.

കുടുംബമാണ് അല്മായപ്രേഷിതത്വം പൂവണിയേണ്ട മുഖ്യമേഖല. കുടുംബമെന്ന സംവിധാനം നിലവിൽവരുന്നത് വിവാഹ കൂദാശയിലൂടെയാണ്. അതിന്റെ മഹൗന്നത്യം ഉൾക്കൊണ്ട് പ്രേഷിതധർമമനുഷ്ഠിക്കാൻ അല്മായർ ബാധ്യസ്ഥരാണ്. മക്കൾക്കും മറ്റു കുടുംബാംഗങ്ങൾക്കും കുടുംബനാഥൻ മാതൃകയാകണം. ഇവിടെ മാതാപിതാക്കന്മാരുടെ പങ്ക് അതുല്യമത്രേ. മക്കളുടെ ജീവിതാന്തസ്സ് തിരഞ്ഞെടുപ്പിൽ മാതാപിതാക്കന്മാർ നിതാന്തജാഗ്രത പുലർത്തണം. വൈദിക-സന്യസ്ത ദൈവവിളിയും സർവാത്മനാ പ്രോത്സാഹിപ്പിക്കണം.


കുടുംബങ്ങളിൽ സ്നേഹവും ഐക്യവും ഊട്ടിയുറപ്പിക്കാൻ അല്മായർ നിഷ്ഠവയ്ക്കണം. സഭയുടെ ആരാധനക്രമത്തിൽ കുടുംബാംഗങ്ങൾ ഒരുമിച്ചു സംബന്ധിക്കണം. സമൂഹത്തിൽ നിന്ന് ദാരിദ്ര്യവും കഷ്ടപ്പാടുമകറ്റാൻ പരിശ്രമിക്കണം. ഏവർക്കും നീതിലഭ്യമാക്കുക, പരിത്യക്തശിശുക്കളെ സംരക്ഷിക്കുക, പരദേശികളെ സ്വീകരിക്കുക, യുവതലമുറയ്ക്കു മാർഗദർശനം നല്കുക, വിവാഹജീവിതത്തിന് ഉചിതമാംവിധം പരിശീലനം നേടുക, ക്ലേശിക്കുന്ന ദമ്പതിമാരെ സഹായിക്കുക, നിരാലംബരായ വൃദ്ധജനങ്ങളെ പുനരധിവസിപ്പിക്കുക, മദ്യം ഉൾപ്പെടെയുള്ള സാമൂഹ്യതിന്മകളെ ചെറുത്തുനിർത്തുക തുടങ്ങി അല്മായ പ്രേഷിതത്വത്തിന് മുഖങ്ങൾ പലതാണ്.

അല്മായദിനം മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ അല്മായരുടെ പൊതു ആഘോഷമാണ്. എം.സി.എ, മാതൃസംഘം, പിതൃസംഘം, വിൻസെന്റ് ഡി പോൾ, ലീജിയൻ ഓഫ് മേരി തുടങ്ങിയ എല്ലാ അല്മായ സംഘടനകളും ഒരുമിച്ച് ഈ ദിനം സമുചിതമായി ആഘോഷിക്കുമല്ലോ. സഭയുടെ വളർച്ചക്കും സമൂഹത്തിന്റെ വികസനത്തിനും വേണ്ടി അല്മായ പ്രസ്ഥാനങ്ങൾ നൽകുന്ന പങ്കാളിത്തവും സഹകരണവും ഞാൻ നന്ദിയോടെ ഇത്തരുണത്തിൽ സ്മരിക്കുകയും വിലമതിക്കുകയും ചെയ്യുന്നു. സുവിശേഷസംഘത്തി

ലൂടെ അല്മായ സഹോദരീ സഹോദരന്മാർ നല്കുന്ന പ്രതിബദ്ധതയും ആത്മസമർപ്പണവും ഞാൻ നന്ദിയോടെ ഓർക്കുന്നു. ബാഹ്യകേരള പശ്ചാത്തലത്തിൽ ഭവനങ്ങൾ കേന്ദ്രീകരിച്ചുള്ള മിഷൻ പ്രവർത്തനയജ്ഞത്തിൽ അല്മായ സഹോദരങ്ങൾ ഏറ്റെടുക്കുന്ന ത്യാഗം നിസ്തുലമാണ്. പ്രവാസജീവിതത്തിന്റെ പരിമിതിയും ഞെരുക്കങ്ങളും വകവയ്ക്കാതെ പ്രേഷിത തീഷ്ണതയാൽനിറയുന്ന അല്മായ സഹോദരങ്ങൾ തിരുസഭയുടെ ശോഭയേറിയ സാക്ഷ്യമുഖമാണ്. അല്മായദിനത്തിലെ വിശുദ്ധ കുർബാനയുടെ സ്തോത്രകാഴ്ച നമ്മുടെ സഭയിലെ അല്മായ ശുശ്രൂഷയ്ക്കുവേണ്ടിയാണല്ലോ നാം വിനിയോഗിക്കുന്നത്. അന്നേദിവസം ഉദാരമായി സ്തോത്രകാഴ്ച നൽകി അനുഗ്രഹീതരാകുവാൻ ഏവരെയും ഞാൻ ആഹ്വാനം ചെയ്യുന്നു. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പ്രത്യേക കാനോന601 പ്രകാരം പ്രസ്തുത സ്തോത്രകാഴ്ച സമാഹരിച്ച് ബഹു. വികാരിയച്ചന്മാർ അതാത് അതിഭദ്രാസന, ഭദ്രാസന, എക്സാർക്കേറ്റ് പ്രൊക്കുറേറ്റർമാരുടെ പേർക്ക് അയച്ചുകൊടുക്കേണ്ടതും പ്രൊക്കുറേറ്റർമാർ ശേഖരിച്ച തുകയുടെ പകുതി കാതോലിക്കേറ്റ് സെന്ററിലെ ഫിനാൻസ് ഓഫീസിൽ എത്തിക്കേണ്ടതുമാണ്. അല്മായ പ്രസ്ഥാനങ്ങളുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. യൗസേഫ് പിതാവ് നമുക്ക് തുണയും മദ്ധ്യസ്ഥനുമായിരിക്കട്ടെ.

ഉത്ഥിതനായ കർത്താവ് എല്ലാ അല്മായ ശുശ്രൂഷകളെയും വാഴ്ത്തി അനുഗ്രഹിക്കട്ടെ.

എന്ന്,



✠ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്

അൽമായർക്കുവേണ്ടിയുള്ള

സുന്നഹദോസ് കമ്മീഷൻ ചെയർമാൻ &

മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ

കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം
ഈസ്റ്റർ 2017

ച.ആ. ഈ സർക്കുലർ അല്മായ ദിനമായ മെയ് 7-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ നമ്മുടെ എല്ലാ പള്ളികളിലും മിഷൻ കേന്ദ്രങ്ങളിലും വായിക്കേണ്ടതാണ്.

# EXARCHIAL DISTRICT NEWS

## Pune District

### St. Joseph Malankara Catholic Church, Dehu Road

**Lenten Services**

The Lenten prayers and the holy week services of the parish were observed with great devotion and piety. Evening prayers were held in the houses of all the family members. The Way of the Cross was held in the Church on all Fridays of the Lenten Season. Palm Sunday was celebrated on 9th April 2017. Adoration session was held on 9th April 2017, from 4.00pm to 6.00pm for the Pune Mission at Warje. Palm Sunday, Good Friday and Easter was celebrated by Rev. Fr. Arun Das, OIC assisted by Br. Manu Varghese OIC & Br Jiju OIC. Maundy Thursday services were conducted by our Vicar Rev. Fr. Noble Joseph, OIC and Holy Saturday by Rev. Fr. Paul Naveen, OIC.

### St Mary's Cathedral Church, Khadki

The Lenten Retreat for the parishioners was held on 2nd April, 2017 after the Holy Qurbono. The retreat was conducted in 2 sessions, the morning session was led by Rev. Fr. Jaison, of the Capuchin Mission under the theme "The importance of our relationship with God" while the afternoon session was led by our vicar, Rev. Fr. Joseph Venmanath and Br. Libin explaining the significance of confession and the 10 commandments. Confession was held following the session.

### St Mary's MSCC, Warje Malwadi

**Welcome to the Assistant Vicar**

The parish is delighted to welcome Rev Fr Mathew Punakulam as her Assistant Vicar. He has been appointed to strengthen the pastoral care and missionary activities held at the church in Pune mission. Fr George Mathew OIC, the vicar of the parish along with the trustee and pastoral council members felicitated and welcomed Fr Mathew to the parish.

## Holy Week

Holy week service was led by the Vicar Fr. George Mathew OIC. Like every year, this year too, many faithful from the nearby areas, participated during the Passion Week with great faith and received Lord's blessing. On Passover feast, Mr. Y. Joykutty represented the parish, as one of the members whose feet were washed by our Aboon Thomas Mar Anthonios at St Mary's Cathedral Church, Khadki.

# Mumbai District

## Holy Family MSCC, Vikhroli

### Holy Week

HFMSCC observed its Holy Week from 9th April 2017 beginning with Palm Sunday (Hosana Sunday) to 15th April 2017 Easter Eve. Rev. Fr. Sojo from Trivandrum Diocese led the faithful in prayerful observance of the Holy Week. Lenten retreat was held on 10th & 11th April 2017 led by Rev. Fr. Thomas Thaikattu, from Thiruvalla Diocese. The retreat was held in the evening after the Holy Qurbono. HFMSCC first time witnessed the service of washing of the feet of its 4 elderly members, led by Aboon Thomas Mar Anthonios at St. Mary's MSCC, Sakinaka where they observed the Passover along with the parishioners of St. Mary's MSCC, Sakinaka. Good Friday was observed with great reverence as the prayers of Lord's Day of Passion was led Rev. Fr. Soju. On 15th April, 2017, Holy Saturday was observed in the morning while Easter eve was celebrated after the Holy Qurbono of Resurrection at 7.30 pm.

## St Mary's MSCC, Sakinaka

Lenten Retreat: On this season of Lent our parish conducted a two days retreat. The retreat was conducted by Fr Shinto Vallanattu on the theme of family life. All members attended the same.

### Holy week

On the occasion of Passover feast, Sakinaka Parish was blessed by the presence of Aboon Thomas Mar Anthonios, who celebrated

the commemoration of last supper of Jesus and the washing of the feet ceremony of 8 members of our parish and 4 member from Holy Family MSCC, Vikhroli. The Holy Week was led by the vicar Rev. Fr. Philip Pulipra concluding with the Easter celebration on 15th April, 2017.

### Vincent De-Paul

As part of the silver jubilee celebration of St. Mary's Malankara Catholic Church Sakinaka, Mar Ivanios Malankara conference of St.Vincent De-Paul decided to do the charity in Lenten season. On 13th March 2017, eleven members visited the Tata Memorial hospital surroundings where patients stay on the foot path to get the treatment. With the help of Mathrusangham of the Sakinaka, sarees and bed sheets were collected and distributed. Food packets and conveyance were sponsored by Mr. Issac Philip, Mr. Saji David, Mr. N.C Jose from M.C.A Sakinaka and Mr. Jinto Jose a well-wisher from the nearby parish.

## St Mary's MSCC, Kharghar

### 24 hours Adoration

In preparation of the Holy Week a 24 hour Eucharistic Adoration was conducted at St Mary's MSCC, Kharghar, led by the different prayer groups. The adoration began after the Holy Qurbono on 27th March 2017 at 8.00pm and ended with a Holy Qurbono on 28th at 8.00pm

### Annual Lenten Retreat

The annual parish retreat during lent was held on 31st March, 1st and 2nd of April. The retreat was led by Rev.Fr. Benny Joseph Puthenthadathil and his team.

### Holy Week and Easter Celebrations:

Holy week services began with solemn celebration of Palm Sunday. Holy Qurbono was celebrated every evening of Holy Week. Good Friday services were conducted with great reverence, Easter was celebrated after Qurbono with Agape for all the parishioners. The Holy Week services were led by Rev. Fr. Mathai Iranithara OIC.

## St John the Baptist MSCC, Vasai

### Holy week

This year Holy week was led by Rev. Fr Ferdinand OIC and Rev. Fr. Joseph Thomas OIC. On 9th April 2017, after the Palm Sunday celebrations, one day Lenten retreat was led by Rev. Fr. Ferdinand OIC. On 12th April 2017, the Maundy Thursday Qurbono was held at 7:30 pm. The eldest member of the church cut the Pesaha Appam and distributed among the young ones. Followed to the Holy Qurbono on 12th April, prayer and adoration session was led by Rev. Fr Joseph Thomas OIC. The Vicar Rev. Fr Joseph Thomas OIC led the faithful in prayers on Good Friday. On 15th April 2017, the parishioners celebrated a solemn Easter.

### MCYM Orphanage visit

The MCYM of St. John the Baptist MSCC, Vasai, visited the "Father Agnel's boys home on 2nd April 2017. 30 youth, 15 parents, YCF members and Rev. Sr. Keerti SIC participated in the visit organized by the MCYM. Games, action songs and various activities were arranged for the wonderful kids. Snacks and needy items were distributed.

### Night vigil

The MCYM of St. John the Baptist MSCC led the night vigil on Good Friday night with prayers and sharing sessions. Elders , YCF members, MCYM members , Sunday school kids were all the part of night vigil

### Festal celebration

Feast of Rev. Sr Keerti SIC was celebrated on 15th April 2017. After the Holy Qurbono of Easter, in a very short programme the parishioners felicitated Rev. Sr. with a bouquet and presented festal gift. After cutting the cake, she thanked the parishioners for all the love, affection and support.

## Chennai District

### St Joseph's MSCC, Nanganallur, Chennai

On 2nd April 2017, the parishioners celebrated the feast of the

Vicar Rev. Fr. Moncy Kaleeckal. The parish observed the feast of St. Joseph as Pithrudinam. The parish also observed a prayerful Holy Week under the leadership of its vicar Rev. Fr. Moncy Kaleeckal.

## Institutional News

Mar Gregorios College, Chennai, witnessed a series of new beginnings on 31st March 2017. Blessing of the new Grotto in honour of our blessed Mother Mary, blessing of the new play area for the toddlers of the school section and the blessing and inauguration of the new cricket pitch at the college campus were done by Aboon Thomas Mar Anthonios in the presence of Msgr. Varghese Mattamana, Fr Sabu, Fr Moncy, Rev. Sisters, the Principal, teachers, staff and students

### Bishop's Diary - May 2017

| | | |
|---|---|---|
| 01 | - | MCYM Leadership Meet, Pune |
| 02 | - | Blessing of the Presbytery, Padi Chennai |
| | - | Blessing of the Parish Hall, Ayyapakam Chennai |
| 03 | - | Elemannur, Adoor |
| 04 | - | Seethathodu, Pathanamthitta |
| 05 | - | Chennai |
| 06 | - | Blessing of St George MSCC, Ayyappakam |
| 07 | - | Ayyappakam |
| | - | Profession of Sr Princy SIC, Kalewadi |
| 08 | - | Profession of Sr Princy SIC, Kalewadi |
| 10 | - | Blessing of DM School, Supa Ahmednagar |
| 11 | - | Trivandrum |
| 15-19 | - | Personal Retreat at Kurishumala Ashram, Vagamon - Kerala |
| 20 | - | Kumbazha, Adoor |
| 23 & 23 | - | Bapatla Mission Meet, Khadki |
| 26 | - | Pastoral Council & Priests Meet, Khadki |
| 27 | - | Minor Orders & Seminarians Parent's Meet, Khadki |

# Call to Priestly Life




Jesus said to his disciples, "The harvest is plentiful, but the labourers are few; therefore ask the Lord of the harvest to send out labourers into the harvest." (Mt 9:37-38) The situation Jesus foresaw is the situation of the Exarchate of St Ephrem Khadki-Pune. We need labourers, priests and religious, to go out into the vast fields of Maharashtra, Andhra Pradesh, Telengana, Goa, Karnataka and Tamil Nadu to share the Good News of the Gospel to those who have not heard it so far. We need priests to look after the Faithful in our parishes. Nirmal Hriday Minor Seminary of the Exarchate is established to form the future priests of the Exarchate. Let us join hands in motivating talented, committed young men to join the Seminary!

The Exarchate of St Ephrem invites pious and God-fearing candidates for serving in the vineyard of the Lord.

Contact
Rev. Fr Varghese Valikkodath
Vocation Promoter,
Exarchate of St Ephrem
Bhau Patil Road, Bopodi 411020
email: valikkodath@gmail.com
Ph: 08018805870 / 8010108479



## Prayer for Holy Vocation

Lord, who said, "The harvest is great and the laborers are few", raise religious men and women to gather your wheat. Give us lot of holy men and women, who glorify you with their life of prayers and virtuous deeds and who make manifest to the world your sanctity and love. Father, let your holy name be hallowed on earth.

Servant of God Archbishop Mar Ivanios

(Girideepam)

# Festal Greetings



## Bishop Thomas Mar Eusebius, 30 May



Inauguration of Grotto
MGC Chennai



Installation of Playing Area for toddlers
at Mar Gregorios Public School, Chennai






The Service of Washing the Feet, Pune District





The Holy Week Celebration, Cathedral Church



The First and the Final Profession of DM Sisters of the Amala Province at Wardha in Nagpur

Printed and Published by
**The Chancellor, Exarchate of St Ephrem**
51 Bhaupatil Road, Bhopadi, Pune - 411 020. Tel.; +91 9545941458. Email : ephremite@gmail.com